# <u>08-04-2022 തീയ്യതിയിലെ അടിയന്തിര കൗൺസിൽ യോഗത്തിലെ ഹാജരും തീരുമാനങ്ങളും</u>

**<u>ഹാജർ:-</u>**

സർവ്വശ്രീ 1) അഡ്വ: മാർട്ടിൻ ജോർജ്, 2) എ. കുഞ്ഞമ്പു 3) വി.കെ.ഷൈജു, 4) ബീബി, 5) അഡ്വ. പി. ഇന്ദിര, 6) ടി. രവീന്ദ്രൻ, 7) കൂക്കിരി രാജേഷ്, 8) സുനിഷ. സി, 9) പനയൻ ഉഷ, 10) ഡോ. സുമയ്യ പി.കെ, 11) ശ്രീജ ആരംഭൻ, 12) കെ. പി അബ്ദുൾ റസാഖ്, 13) കെ. പ്രദീപൻ, 14) ശ്രീലത.വി.കെ., 15) മിനി അനിൽകുമാർ, 16) കെ നിർമ്മല, 17) പി പി വത്സലൻ, 18) ഷാഹിന മൊയ്തീൻ, 19) എൻ. ഉഷ, 20) സരസ കെ. എം, 21) പ്രകാശൻ പയ്യനാടൻ 22) എസ്. ഷഹീദ, 23) പി. കെ. സാജേഷ് കുമാർ,24) കെ പി രജനി, 25) വി. ബാലകൃഷ്ണൻ, 26) അഡ്വ. ടി. ഒ മോഹനൻ, 27) കെ. വി സവിത, 28) ഫിറോസഹാഷിം, 29) പി.കെ. രാഗഷ്, 30) പി വി കൃഷ്ണകുമാർ, 31) ബിജോയ് തയ്യിൽ, 32) കെ വി അനിത, 33) സയ്യിദ് സിയാദ് തങ്ങൾ, 34) ആസിമ.സി. എച്ച്, 35) മുസ്ലിഹ് മഠത്തിൽ, 36) അഷ്റഫ്. പി, 37) സി. എം. പത്മജ, 38) കെ. ഷബീന ടീച്ചർ, 39) അഡ്വ. പി. കെ അൻവർ 40) എം പി രാജേഷ്, 41) സുരേഷ് ബാബു എളയാവൂർ, 42) ഷമീമ ടീച്ചർ, 43) കെ. എം. സാബിറ ടീച്ചർ, 44) കെ. സുരേഷ്,.45) പി വി ജയസൂര്യൻ,46) കെ. പി റാഷിദ്, 47) കെ പി അനിത

കൗൺസിൽ യോഗം ബഹു: മേയർ അഡ്വ. ടി. ഒ മോഹനന്റെ അദ്ധ്യക്ഷതയിൽ കൃത്യ സമയത്ത് ആരംഭിച്ചു. അജണ്ട പ്രകാരമുള്ള വിഷയങ്ങളിൽ ചുവടെ ചേർത്ത തീരുമാനങ്ങളെടുത്തു.

**<u>തീരുമാനങ്ങൾ</u>**

1. 2022-23 വാർഷിക പദ്ധതിയിൽ ആദ്യ ഘട്ട പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിച്ചു. ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
2. സ.ഉ(കൈ) നമ്പർ 68/2022/LSGD dated 23-03-2022 പ്രകാരം 2022-23 വാർഷിക പദ്ധതി - ആദ്യഘട്ട പദ്ധതി - സ്പിൽ ഓവർ പദ്ധതികളുടെ ലിസ്റ്റ് അംഗീകരിച്ചു.
3. കൗൺസിൽ വിശദമായി ചർച്ച ചെയ്തു. ചേലോറ ട്രഞ്ചിംഗ് ഗ്രൗണ്ട് MCF നു മുമ്പിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ കോർപ്പറേഷൻ നിക്ഷേപിച്ചതാണെന്നും ആയത് അടിയന്തിരമായി നീക്കം ചെയ്യണമെന്നും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ യോഗത്തെ അറിയിച്ചു. ടി മാലിന്യങ്ങൾ ലെഗസി വേസ്റ്റിന്റെ പരിധിയിൽ വരുന്നതല്ലെന്നും, ആയത് അടിയന്തിരമായി നീക്കം ചെയ്തില്ലെങ്കിൽ NGT, KSPCB പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുന്ന നടപടികളും, കോടതി വ്യവഹാരങ്ങളും നേരിടേണ്ടി വരുമെന്നും, സർക്കാർ അംഗീകൃത ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നതാണ് ഉചിതമെന്നും, പ്രസ്തുത സ്ഥലത്ത് വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ടെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. മേൽ അഭിപ്രായങ്ങൾ പ്രകാരവും മറ്റ് ഏജൻസികളെ ടെണ്ടർ ക്ഷണിച്ച് ഏർപ്പെടുത്തിയാൽ പ്രസ്തുത മാലിന്യങ്ങൾ അലക്ഷ്യമായി ഏതെങ്കിലും സ്ഥലത്ത് നിക്ഷേപിച്ച് കോർപ്പറേഷന് ദുഷ്പേരുണ്ടാക്കാൻ സാധ്യത ഉള്ളതിനാലും സർക്കാർ അംഗീകൃത ഏജൻസിയായ ക്ലീൻ കേരള കമ്പനി വഴി മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്ന വിഷയം കൗൺസിൽ യോഗം അംഗീകരിച്ചു.

4. വിഷയം കൗൺസിൽ യോഗം വിശദമായി ചർച്ച ചെയ്തു. മഴക്ക് മുമ്പായി ലെഗസി വേസ്റ്റ് നീക്കം ചെയ്തില്ലെങ്കിൽ മഴ നനഞ്ഞ് quantity കൂടാൻ സാധ്യത ഉണ്ടെന്നും സെക്രട്ടറി വിശദീകരിച്ചു. അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി ഒഴിവാക്കുന്നതിനും, സർക്കാർ ഉത്തരവു പ്രകാരമുള്ള പെർഫോമൻസ് ഗ്യാരണ്ടി അടപ്പിക്കുന്നതിനും ടെക്നിക്കൽ വിഭാഗത്തിന്റെ ശുപാർശ പ്രകാരം തീരുമാനിച്ചു. പി.സി.ബി NOC അനുബന്ധമായി ലഭ്യമാക്കുന്നതിനും, ആയതിനാവശ്യമായ തുക മുൻകൂറായി അനുവദിച്ച് ആയത് ചെലവഴിക്കുന്നതിനും ഹെൽത്ത് സൂപ്പർവൈസറെ ചുമതലപ്പെടുത്തി.

5. സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിന്റെ ഭാഗമായി റോഡിലൂടെ പൈപ്പ് സ്ഥാപിക്കുമ്പോൾ അനുബന്ധമായി മാൻഹോൾ നിശ്ചിത അകലത്തിൽ ക്രമീകരിക്കേണ്ടതും ആയത് ഡി.പി.ആർ ൽ ആയതിന്റെ അനുബന്ധ ചെലവുകൾ കൂടി ഉൾപ്പെടുത്തി വിശദമായി തുക കണക്കാക്കി നൽകേണ്ടതും (എസ്റ്റിമേറ്റ്) മുഴുവൻ വിശദാംശങ്ങൾ കൂടി ഡി.പി.ആർ സമർപ്പിക്കുന്ന ഏജൻസി നൽകേണ്ടതായിരുന്നു. നിർഭാഗ്യവശാൽ ടി ഏജൻസി ആയത് പ്രകാരം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് നൽകുകയായിരുന്നു. ആയത് ഡി.പി.ആർ തയ്യാറാക്കിയ ഏജൻസിയുടെ ഗുരുതര വീഴ്ചയാണ്. മേൽ വിവരം അമൃത് മിഷൻ ഡയറക്ടറെയും, LSGD CE യെയും രേഖാമൂലം അറിയിക്കാനും, നിലവിലുള്ള ഡി.പി.ആർ കോസ്റ്റിൽ അമൃത് SHPC മുഖാന്തിരം സാധൂകരിക്കുന്നതിനായി കൈമാറുന്നതിന് SE യെ ചുമതലപ്പെടുത്തി. നിലവിലത്തെ സാഹചര്യത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് നെറ്റ്‌വർക്കിംഗ് മുഖാന്തിരം റോഡ് പൊളിച്ചത് മണ്ണ് ഇട്ട് നികത്തുമ്പോൾ മാൻഹോൾ വരുന്ന ഭാഗം പൊതുജനങ്ങൾക്കും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും അപകടം ഉണ്ടാവാൻ സാധ്യതയുള്ളതിനാലും പൊതുജനങ്ങളുടെ സുരക്ഷയെ മുൻനിർത്തിയും അടിയന്തിര പ്രാധാന്യത്തോടെ സർക്കാർ ഏജൻസിയായ SILK മുഖാന്തിരം വാങ്ങുന്നതിനും സർക്കാർ ഉത്തരവ് (GO(Rt) No. 824/21/Fin.Dt.20/12/21) പ്രകാരം 50% അഡ്വാൻസ് നൽകുന്നതിനും, തുടർ നടപടികൾക്കും ബഹു.കൗൺസിൽ തീരുമാനിച്ചു.

മേയർ

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ